(സി) പ്രസ്തുത കോതിവിധി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നിയമ നിർമ്മാണം നടത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമായി പൊതുയോഗങ്ങൾ നടത്തുന്നതിന് എന്തൊക്കെ ബദൽ നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതിയുടെ 13-8-2010-ലെ WP(C)19253/2010 നമ്പർ വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും 6-1-2011-ൽ സുപ്രീംകോടതി ഇത് തള്ളുകയുണ്ടായി.

(ബി-ഇ) ജില്ലാ മജിസ്ട്രേട്ടിന്റെയോ ജില്ലാ പോലീസ് സൂപ്രണ്ടിന്റെയോ നിയന്ത്രണങ്ങൾക്ക് വിധേയമായി മതപരമായ ചടങ്ങുകളും ഉത്സവങ്ങളും ഉൾപ്പെടെയുള്ള യോഗങ്ങൾ നടത്തുന്നത് അനുവദിച്ചുകൊണ്ട് 18-2-2011-ൽ നിയമസഭ ബിൽ പാസാക്കുകയും ഈ നിയമം നിലവിൽവരികയും ചെയ്തിട്ടുണ്ട്.

വഴിയോരങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നത് നിരോധിച്ച ഹൈക്കോടതിവിധി

21 (23) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരങ്ങളിൽ നടത്തുന്ന പൊതുയോഗങ്ങൾ നിരോധിച്ച ഹൈക്കോടതി വിധി ശരിവച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയെക്കുറിച്ച് സംസ്ഥാന സർക്കാർ വിശകലനം നടത്തിയിരുന്നുവോ ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാരിനും ചീഫ് സെക്രട്ടറിക്കും കൂടുതൽ അധികാരങ്ങൾ നൽകുന്നതിന് ഹൈക്കോടതി വിധി സഹായകരമാകുമെന്ന് കരുതുന്നുണ്ടോ ;

(ഡി) ഹൈക്കോടതി വിധി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹൈക്കോടതിയുടെ 13-8-2010-ലെ WP(C)19253/2010 നമ്പർ വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും 6-1-2011-ൽ സുപ്രീംകോടതി ഇത് തള്ളുകയുണ്ടായി.

(ബി-ഡി) ജില്ലാ മജിസ്ട്രേട്ടിന്റെയോ ജില്ലാ പോലീസ് സൂപ്രണ്ടിന്റെയോ നിയന്ത്രണങ്ങൾക്ക് വിധേയമായി മതപരമായ ചടങ്ങുകളും ഉത്സവങ്ങളും ഉൾപ്പെടെയുള്ള യോഗങ്ങൾ നടത്തുന്നത് അനുവദിച്ചുകൊണ്ട് 18-2-2011-ൽ നിയമസഭ ബിൽ പാസാക്കുകയുണ്ടായി.

ദൃശ്യമാധ്യമങ്ങളിലെ പരിപാടികൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ

22 (24) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദൃശ്യമാധ്യമങ്ങളിലെ പരിപാടികൾ നിരീക്ഷിക്കുന്നതിനും തുടർ നടപടിക്കുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഈ സംസ്ഥാനങ്ങളിൽ ഏതെങ്കിലും പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ പ്രവർത്തനംമൂലം എന്തൊക്കെ മാറ്റം ഒരു വർഷത്തിനിടെ ഉണ്ടായി എന്ന് വിശദമാക്കുമോ ;

(സി) 2010-ൽ പ്രദർശിപ്പിക്കുകയും പ്രക്ഷേപണം ചെയ്യുകയും ചെയ്ത എത്ര സിനിമകളിലും സീരിയലുകളിലും മദ്യപാനരംഗങ്ങളും മദ്യപാനശീലം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള രംഗങ്ങളും സംഭാഷണങ്ങളും ഈ സംവിധാനം കണ്ടെത്തിയിട്ടുണ്ട്. എന്തൊക്കെ നടപടികൾ അതിനെതിരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) പുകവലി രംഗം സിനിമയിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് അതിലുൾപ്പെട്ട നടനെതിരെ കേസെടുത്ത സംഭവം സംസ്ഥാനത്ത് അത്തരം നടപടികൾ സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്ത് 2010-ൽ സംസ്ഥാന/ജില്ലാ സംവിധാനം നിയമ ലംഘനത്തിന്റെ പേരിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) 1995-ലെ കേബിൾ ടി.വി. നെറ്റ്വർക്ക് (റെഗുലേഷൻ) ആക്ടിലെ പ്രോഗ്രാം-1 അഡ്വർടൈസിംഗ് ചട്ടങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനായി 29-5-2010-ലെ 129/10/ഐ&പി.ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇൻഫർമേഷൻ പബ്ലിക്

LIBRARY ARCHIVES Kerala Legislative Assembly